(2) നാട്ടിക-മുറ്റിച്ചൂർകടവ് പാലത്തിന്റെ പണി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശ്ശൂർ ജില്ലയിലെ തീരദേശ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് നാട്ടിക-മുറ്റിച്ചൂർകടവ് പാലം. നാട്ടിക, മണലൂർ, ചേർപ്പ് നിയോജകമണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന, തൃശ്ശൂർ നഗരത്തിൽനിന്ന് തീരദേശത്തേയ്ക്ക് വരാൻവേണ്ടിയുള്ള ഏറ്റവും എളുപ്പ മാർഗ്ഗം മുറ്റിച്ചൂർകടവ് പാലമാണ്. വളരെ വർഷങ്ങളായി ജനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട സ്വപ്നമാണിത്. മാറി മാറി വന്ന നിരവധി ജനപ്രതിനിധികൾ ഇതിനുവേണ്ടി അങ്ങേയറ്റത്തെ സമ്മർദ്ദം ചെലുത്തിവരുകയായിരുന്നു ഇപ്പോഴാണെങ്കിൽ ഞങ്ങൾ മൂന്ന് എം.എൽ.എ.മാർ, ഞാനും ശ്രീ. എം. കെ. പോൾസൺ മാസ്റ്ററും ശ്രീ. കെ. പി. രാജേന്ദ്രനും ഉൾപ്പെടെയുള്ളവർ ഇതിനുവേണ്ടി തൃശ്ശൂർ ജില്ലയുടെ ഒരു പൊതു വികാരം എന്ന നിലയിൽ ശക്തമായ ശ്രമം നടത്തിവരികയാണ്. നബാർഡിന്റെ പദ്ധതികളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു എന്നു പറയുന്നെങ്കിലും അതിന്റെ പല പ്രവൃത്തികളും വളരെ മന്ദഗതിയിലാണ് നടന്നു വരുന്നത്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ പ്രയോറിറ്റി നൽകി ഇതിന്റെ എല്ലാ ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി ഈ സാമ്പത്തിക വർഷം തന്നെ നിർമ്മാണം തുടങ്ങുന്നതിനുവേണ്ടിയുള്ള ഇതര പ്രവൃത്തികൾ പൂർത്തിയാക്കാൻ പ്രത്യേകമായ താൽപ്പര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മുറ്റിച്ചൂർകടവ് പാലത്തിന്റെ പണി നബാർഡിന്റെ സ്കീമിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള അനുമതി 24-11-2004-ൽ നൽകിയിട്ടുണ്ട്. ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തിവരികയാണ്. വിശദമായ മണ്ണ് പരിശോധന, ഇൻവെസ്റ്റിഗേഷൻ നടപടി എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. ഡിസൈൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കി നബാർഡിന്റെ ധനസഹായത്തോടെ പ്രസ്തുത പാലത്തിന്റെ പണി എത്രയും വേഗം തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(3) പാരമ്പര്യ വൈദ്യന്മാർക്ക് ലൈസൻസ് പുതുക്കി നൽകൽ

ശ്രീ. വി. കെ. ചന്ദ്രൻ: സർ, പ്രധാന ചികിൽസാ ശാഖയായിട്ടുള്ള ആയുർവേദ മംഗത്ത് അഷ്ടവൈദ്യ കുടുംബങ്ങൾക്കും പാരമ്പര്യ ചികിൽസാ വൈദ്യന്മാർക്കും തലമുറകളായി നൽകി വന്നിരുന്ന അവരുടെ ലൈസൻസ് ഇപ്പോൾ തടഞ്ഞു വച്ചിരിക്കുകയാണ്. ആയുർവേദ പാരമ്പര്യത്തിന്റെ ചികിൽസ പ്രചരിപ്പിക്കാനും, ആവശ്യമായ മരുന്നു ഉൽപാദിപ്പിക്കാനും എൽ-2, എൽ-3 ലൈസൻസുകളാണ് നിലവിൽ നൽകി വന്നിരുന്നത്. എന്നാൽ സമൂഹത്തിൽ

LIBRARY ARCHIVES Kerala Legislative Assembly